**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**2018 മാർച്ച് 22 ലെ മറുപടിക്ക്**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4661**

**<u>ശമ്പള സ്കെയിൽ അനുവദിച്ചതിൽ വിവേചനം</u>**

| **ചോദ്യം: ശ്രീ.പി.ഉബൈദുള്ള** | **ഉത്തരം: ഡോ.റ്റി.എം.തോമസ് ഐസക്**<br>**ബഹു.ധനകാര്യവും കയറും**<br>**വകുപ്പ് മന്ത്രി** |
|---|---|
| (എ) സംസ്ഥാന സർക്കാർ സർവ്വീസിൽ സമാനമായ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും ജോലിസ്വഭാവമുള്ള തസ്തികകളിൽ ശമ്പള സ്കെയിൽ അനുവദിച്ചതിൽ വിവേചനമുണ്ടായിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിവേചനമുണ്ടെങ്കിൽ അതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | ഒരേ വകുപ്പിൽ സമാനമായ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും ഒരേ ജോലി സ്വഭാവമുള്ള തസ്തികകൾക്ക് ശമ്പള സ്കെയിൽ അനുവദിച്ചതിൽ വിവേചനമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള വിവേചനങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (ബി) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, ജോലി സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിലുള്ള സമാന തസ്തികകൾ ഏതെല്ലാമാണ്; അവയുടെ ശമ്പള സ്കെയിലുകൾ എത്ര; വിശദാംശം നൽകുമോ; | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള (SSLC) ജീവനക്കാർ മറ്റു വകുപ്പുകളിൽ ഉണ്ടെങ്കിലും അതേ ജോലി സ്വഭാവമുള്ള ഉദ്യോഗസ്ഥർ മറ്റു വകുപ്പുകളിൽ ഇല്ല. |
| (സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നൽകിയ OA/1217/17 dated 30.11.17 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 518959/ARC-3/26(4)/17/നമ്പറായി ധനവകുപ്പിൽ പരിഗണനയിലുള്ള ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ഇക്കാര്യം പരിശോധിച്ച് 08/03/18 ലെ സ.ഉ.(സാധാ)1743/2018/ധന പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇക്കാര്യത്തിൽ ജീവനക്കാർക്കനുകൂലമായി തീരുമാനമെടുക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങളുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റേയും, വില്ലേജ് അസിസ്റ്റന്റിന്റേയും ചുമതലകളിൽ ഗണ്യമായ വ്യത്യാസം നിലനിൽക്കുന്നതിനാൽ സമാന ശമ്പള സ്കെയിൽ അനുവദിച്ച് നൽകുവാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**